# പ്രമുഖ തീർത്ഥാടനകേന്ദ്രമായ കടുത്തുരുത്തി വലിയപള്ളിയിൽ

# മൂന്നുനോമ്പുതിരുനാളും പുറത്തുനമസ്കാരവും

## 2016 ജനുവരി 17, 18, 19, 20, 21 (ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം) തീയതികളിൽ



ചരിത്രപ്രസിദ്ധവും അതിപുരാതനവുമായ കടുത്തുരുത്തി വലിയപള്ളിയിൽ ദൈവികകാരുണ്യത്തിന്റെ അമ്മയും അമലോത്ഭവയും ജപമാലരാജ്ഞിയും ദൈവകൃപയുടെ നീർച്ചാലുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ "ദർശനത്തിരുനാൾ" കരുണയുടെ അനുഗ്രഹവർഷത്തിൽ ജനുവരി 17 മുതൽ 21 വരെ തീയതികളിൽ ഭക്തിനിർഭരമായി ആഘോഷിക്കുന്നു.



മാർ മാത്യു മൂലക്കാട്ട്
(കോട്ടയം അതിരൂപത മെത്രാപ്പോലീത്ത)



മാർ കുര്യാക്കോസ് കുന്നശ്ശേരി
(കോട്ടയം അതിരൂപത പ്രഥമ മെത്രാപ്പോലീത്ത)



മാർ ജോസഫ് പണ്ടാരശേരിൽ
(കോട്ടയം അതിരൂപത സഹായമെത്രാൻ)

ക്രിസ്തുവർഷം നാലാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ തടികൊണ്ട് സമചതുരാകൃതിയിൽ പണിത്, തറയിൽ കരിങ്കൽ പാളികൾ പാകി, മീതെ പനയോല മേഞ്ഞ "ചതുരപ്പള്ളി" യായിരുന്നു കടുത്തുരുത്തിയിലെ ആദ്യ ദേവാലയം. പോർച്ചുഗീസുകാരുടെ കുടിയേറ്റത്തിനുമുമ്പ്, പൗരസ്ത്യ മെത്രാന്മാരുടെ കാലത്ത് പുനർനവീകരിക്കപ്പെട്ടതും ഇന്നും ശില്പചാരുത നഷ്ടപ്പെടാതെ നിലനിൽക്കുന്നതുമായ കേരളത്തിലെ ചുരുക്കം ചില ദേവാലയങ്ങളിലൊന്നാണ് കടുത്തുരുത്തിയിലെ വലിയപള്ളി. പൂർവ്വകാലം മുതൽക്കേ ക്നാനായ സമുദായം തങ്ങളുടെ "തലപ്പള്ളി" യായി കടുത്തുരുത്തി വലിയ പള്ളിയെ പരിഗണിച്ചു പോരുന്നു.

### ചരിത്രപ്രസിദ്ധമായ കരിങ്കൽകുരിശ്

ഏഷ്യയിലെ ഏറ്റവും വലിയ കരിങ്കൽ കുരിശാണിത്. പത്തടി നീളവും വീതിയും ഉയരവുമുള്ള പീഠത്തിൽ 40 അടി നീളത്തിൽ ഒറ്റക്കല്ലിൽ തീർത്ത കരിങ്കൽ കുരിശിന് മൊത്തം 50 അടി ഉയരമുണ്ട്. 1599 ലെ ദു:ഖവെള്ളിയാഴ്ച ദിവസം അഭിവന്ദ്യ മെനേസിസ് മെത്രാപ്പോലീത്ത ആഘോഷപൂർവം കരിങ്കൽ കുരിശിന്റെ കൂദാശകർമ്മം നിർവ്വഹിച്ചു.

കരിങ്കൽകുരിശിങ്കലുള്ള പ്രധാന നേർച്ച വെള്ളിയാഴ്ചകളിൽ 153 തിരിയിട്ട ചുറ്റുവിളക്ക് തെളിക്കലാണ്. ദു:ഖവെള്ളിയാഴ്ച ദിവസം ഈ ദേവാലയത്തിനു മുമ്പിലാരംഭിച്ച്, കരിങ്കൽകുരിശ് ചുറ്റിയുള്ള നീന്തു നേർച്ച ഏറെ ഫലസിദ്ധിയുള്ളതാണ്. പരി: പിതാവിന്റെ നിയോഗമനുസരിച്ച് തിരുനാൾ ദിവസങ്ങളിൽ കുരിശിൻ ചുവട്ടിൽ, 1 സ്വർഗ്ഗ: 1 നന്മ: 1 ത്രിത്വ ചൊല്ലി കാഴ്ചവയ്ക്കുന്നവർക്ക് പൂർണ്ണ ദണ്ഡവിമോചനം ലഭിക്കും. കരിങ്കൽ പീഠത്തിലെ പേടകത്തിലെ ഒരു അറയിൽ തിരുക്കുരിശിന്റെ ഒരംശം നിക്ഷിപ്തമായിട്ടുണ്ട്. ഈ തിരുശേഷിപ്പ് ബഹു: വട്ടക്കളത്തിൽ മത്തായി അച്ചൻ റോമിൽ നിന്നും കൊണ്ടുവന്നതാണ്.

### മൂന്നുനോമ്പുതിരുനാൾ

കടുത്തുരുത്തി വലിയപള്ളിയിലെ പ്രധാനതിരുനാൾ മൂന്നുനോമ്പുതിരുന്നാളാണ്. യഹോവയുടെ ആജ്ഞപ്രകാരം യൗനാൻ ദീർഘദർശി നിനിവേ നിവാസികളോട് ഏക ദൈവത്തിലുള്ള വിശ്വാസത്തെപ്പറ്റി പ്രസംഗിച്ചു. മൂന്നു ദിവസത്തെ ഉപവാസവും പ്രാർത്ഥനയും കൊണ്ട് ആ രാജ്യത്തിലെ സകല ജനങ്ങളേയും രക്ഷയുടെ മാർഗ്ഗത്തിലേക്കു നയിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ഈ പഴയനിയമ ചരിത്ര സംഭവമാണ് മൂന്നു നോമ്പിന്റെ ആരംഭമായി ചൂണ്ടിക്കാണിക്കുന്നത്. ഒരു ജനസമൂഹം മുഴുവനും ദൈവകാരുണ്യത്തിനായി നടത്തുന്ന രോദനവും യാചനയുമാണ് മൂന്നു നോമ്പിന്റെ അന്ത:സത്ത.

### ക്ഷണക്കത്ത്

സ്നേഹമുള്ളവരേ,



റവ. ഡോ. മാത്യു മണക്കാട്ട്
(വികാരി)

കടുത്തുരുത്തി വലിയപള്ളിയിൽ, കരുണയുടെ വിശുദ്ധ വർഷത്തിൽ സാഘോഷം നടത്തുന്ന മൂന്നുനോമ്പുതിരുനാളിലേക്ക് ഏവരെയും സാദരം ക്ഷണിക്കുന്നു. ദൈവികകാരുണ്യത്തിനുവേണ്ടി യാചിച്ച നിനിവേ നിവാസികളോടു ചേർന്ന് പുറത്തുനമസ്കാരത്തിലും പരി. കന്യകാമറിയത്തിന്റെ ദർശനത്തിരുനാളിലും പങ്കെടുത്ത്, ദൈവം കാരുണ്യവാനും സ്നേഹനിധിയുമാണെന്നു തിരിച്ചറിഞ്ഞ് ദൈവഹിതത്തിനു നമ്മെത്തന്നെ വിട്ടുകൊടുക്കാം. ജനുവരി 19 ന് രാത്രി 9.30നു നടക്കുന്ന അന്യാദൃശമായ പുറത്തുനമസ്കാരവും മൂന്നുനോമ്പുതിരുനാളും ഈ നാടിന്റെ ആത്മീയ ഉണർവിനും സമൃദ്ധമായ ദൈവാനുഗ്രഹത്തിനും അവസരമാകട്ടെ.

സ്നേഹപൂർവം,

കടുത്തുരുത്തിപള്ളി വികാരി

### പുറത്തുനമസ്കാരം

കടുത്തുരുത്തി വലിയപള്ളിയിൽ അതിപുരാതനകാലം മുതൽ മൂന്നുനോമ്പിന്റെ രണ്ടാം ദിവസമായ ചൊവ്വാഴ്ച വൈകുന്നേരം കരിങ്കൽ കുരിശിൻ ചുവട്ടിൽവച്ച് പരമ്പരാഗതമായി നടത്തിവരുന്ന ഒരു സമൂഹപ്രാർത്ഥനയാണ് പുറത്തു നമസ്കാരം. പാപബോധത്തിൽ നിന്നുളവാകുന്ന പശ്ചാത്താപവും ദൈവകാരുണ്യത്തിനായുള്ള മുറവിളിയുമാണ് പുറത്തു നമസ്കാരത്തിന്റെ ഉള്ളടക്കം.

### സമുദ്രാഭിമുഖ പ്രാർത്ഥന

കടുത്തുരുത്തി വലിയപള്ളിയിൽ മാത്രം കാണുന്ന മറ്റൊരു തിരുക്കർമ്മാനുഷ്ഠാനമാണ് ഉയർപ്പ് ഞായർ ദിവസം മരിച്ചുപോയ പൂർവ്വികരെ അനുസ്മരിക്കുന്ന ചടങ്ങ്. ഉയിർപ്പിന്റെ പ്രഖ്യാപനത്തിനുശേഷം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ രൂപവും വഹിച്ചുകൊണ്ട് ജനങ്ങളെല്ലാവരും പള്ളിയുടെ പടിഞ്ഞാറ് അധികം ദൂരമല്ലാതെ കുരിശുംമൂട്കടവിൽ സ്ഥാപിച്ചിരിക്കുന്ന കുരിശടിയിലേക്ക് തിരികൾ കത്തിച്ച് പ്രദക്ഷിണമായിപോയി എ.ഡി. 345 ലെ കുടിയേറ്റയാത്രയിൽ മരിച്ച് കടലിൽ സംസ്കരിക്കപ്പെട്ട പൂർവ്വീകരെ അനുസ്മരിച്ച് പ്രാർത്ഥിക്കുന്നു.

### തിരുമുടി എഴുന്നള്ളിക്കൽ

തിരുനാളിനോടനുബന്ധിച്ച് മുത്തിയമ്മയുടെ തിരുമുടിയെഴുന്നള്ളിച്ച് കാഴ്ചവയ്ക്കുന്നത് ഒരു പ്രധാനചടങ്ങാണ്. അതുപോലെ പ്രസ്തുത ദിനത്തിൽ വിശ്വാസികൾ തങ്ങളുടെ കുഞ്ഞുങ്ങളെ "മുത്തിയമ്മയ്ക്ക് അടിമ"വയ്ക്കുകയും ചെയ്യുന്നു. കേരളത്തിനകത്തും പുറത്തുമുള്ള അനേകം ഭക്തജനങ്ങൾക്ക് അഭയവും ആശ്വാസവും ഫലസിദ്ധിയും നല്കുന്ന കടുത്തുരുത്തി വലിയ പള്ളിമുത്തിയമ്മയുടെ തിരുനാൾദിനങ്ങൾ വിശ്വാസികളേവർക്കും ദൈവികകാരുണ്യത്തിന്റെയും മാതൃവാത്സല്യത്തിന്റെയും അനുഗ്രഹനിമിഷങ്ങളായി ഭവിക്കട്ടെ എന്ന് ഹൃദയപൂർവം പ്രാർത്ഥിക്കുന്നു.





## തിരുനാൾ പ്രോഗ്രാം

### 2016 ജനുവരി 17 ഞായർ

7.00 am : പതാക ഉയർത്തൽ
**വെരി റവ. ഡോ. മാത്യു മണക്കാട്ട്** (വികാരി)

7.15 am : ലദീഞ്ഞ്, പാട്ടുകുർബാന
: **വെരി റവ. ഫാ. കുര്യൻ തട്ടാർകുന്നേൽ OSH**
(സുപ്പീരിയർ OSH, കോട്ടയം)

10.00 am : വി. കുർബാന
: **വെരി റവ. ഫാ. ജോൺ ഞാറോലിക്കൽ OSB**
(സുപ്പീരിയർ, മരിയമല)

### 2016 ജനുവരി 18 തിങ്കൾ

7.00 am : സമൂഹബലി
(അതിരൂപതയിലെ നവവൈദികർ)

6.00 pm : ദർശനസമൂഹത്തിന്റെ വാഴ്ച, വേസ്പര
**റവ. ഫാ. ജയിംസ് പൊങ്ങാനയിൽ**
(വികാരി, പഴയപള്ളി, പുന്നത്തുറ)

7.00 pm : ലൂർദ് കപ്പേളയിലേയ്ക്ക് മെഴുകുതിരി പ്രദക്ഷിണം

### 2016 ജനുവരി 19 ചൊവ്വ

6.30 am : വി. കുർബാന- ലൂർദ് കപ്പേളയിൽ
**റവ. ഫാ. അഡ്വ. ജോസഫ് കീഴങ്ങാട്ട്**
(വികാരി, അറുനൂറ്റിമംഗലം പള്ളി)

8.00 am : സുറിയാനി പാട്ടുകുർബാന – പള്ളിയിൽ
**റവ. ഫാ. സിറിൾ തയ്യിൽ** (കടപ്ലാമറ്റം പള്ളി)

3.30 pm : വാദ്യമേളങ്ങൾ
(ലൂർദ്കപ്പേള അങ്കണത്തിൽ)

7.15 pm : ലദീഞ്ഞ് (ലൂർദ്കപ്പേളയിൽ)
**റവ. ഫാ. ജോയി കാളവേലിൽ**
(മേമ്മുറി പള്ളി വികാരി)

7.30 pm : പ്രദക്ഷിണം പള്ളിയിലേക്ക്

9.00 pm : പ്രസംഗം കരിങ്കൽ കുരിശിങ്കൽ
**മാർ മാത്യു മൂലക്കാട്ട്**
(കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത)

9.30 pm : പുറത്തുനമസ്കാരം
മുഖ്യകാർമ്മികൻ:
**മാർ ജോസഫ് പണ്ടാരശ്ശേരിൽ**
(കോട്ടയം അതിരൂപതാ സഹായമെത്രാൻ

സഹകാർമ്മികർ:
**റവ. ഫാ. മൈക്കിൾ നെടുംതുരുത്തിൽപുത്തൻപുരയിൽ**
(വികാരി, വള്ളാറ പുത്തൻപള്ളി, കുമരകം)
**വെരി റവ. ഫാ. തോമസ് പ്രാലേൽ**
(വികാരി, കൈപ്പുഴ ഫൊറോന പള്ളി),
ദർശനസമൂഹത്തിന്റെ തിരിവെഞ്ചരിപ്പ്

10.15 pm : വി. കുർബാനയുടെ ആശീർവാദം
**മോൺ. മൈക്കിൾ വെട്ടിക്കാട്ട്**
(കോട്ടയം അതിരൂപതാ വികാരി ജനറാൾ)

10.30 pm : കപ്ലോൻവാഴ്ച

10.45 pm : **ആകാശ വിസ്മയം**

### 2016 ജനുവരി 20 ബുധൻ

5.45 am : വി. കുർബാന

6.30 am : വി.കുർബാന-
**റവ.ഫാ.സ്റ്റീഫൻ ചെമ്മലക്കുഴി SDB**
(മിഷനറി ടാൻസാനിയ)

7.15 am : വി. കുർബാന മലങ്കരറീത്തിൽ-
**റവ. ഫാ. ലെല്ലു കൈതാരം**
(കോട്ടയം അതിരൂപതാ വികാരിജനറാൾ – മലങ്കരറീജിയൻ)

9.00 am : വി. യൂദാതദേവൂസിന്റെ കപ്പേളയിൽനിന്ന് പ്രദക്ഷിണം

9.15 am : വി. ഗീവർഗ്ഗീസ് സഹദായുടെ കപ്പേളയിൽനിന്ന് പ്രദക്ഷിണം

10.00 am : ആഘോഷമായ തിരുനാൾറാസ
**റവ. ഫാ. ജിനു കാവിൽ**
(ജോയിന്റ് ഡയറക്ടർ, കാരിത്താസ് ആശുപത്രി)

സഹകാർമ്മികർ:
**ഫാ. ജിൻസൺ കൊട്ടിയാനിക്കൽ**
**ഫാ. ജോബി പൂച്ചൂക്കണ്ടത്തിൽ**
**ഫാ. ബിബിൻ അഞ്ചെമ്പിൽ**
**ഫാ. ബൈജു അച്ചിറത്തലയ്ക്കൽ**

**തിരുനാൾസന്ദേശം**

**റവ.ഡോ. ജോൺസൺ നീലാനിരപ്പേൽ**
(പ്രൊഫ. വടവാതൂർ സെമിനാരി)

പ്രദക്ഷിണം
വി.കുർബാനയുടെ ആശീർവാദം-
**റവ. ഫാ. സഖറിയാസ് ആട്ടപ്പാട്ട്**
(വികാരി, കടുത്തുരുത്തി താഴത്തുപള്ളി)

### 2016 ജനുവരി 21 വ്യാഴം

7.00 am : മരിച്ചവർക്കുവേണ്ടിയുള്ള പാട്ടുകുർബാന, സെമിത്തേരി സന്ദർശനം

## പ്രസുദേന്തിമാർ



ജോസഫ് ജയിംസ്
ചിറപുരയിടത്തിൽ



സിറിയക് മാത്യു
കീഴങ്ങാട്ട്



സ്റ്റീഫൻ
മാക്കീൽ



ബേബി മാത്യു
ഇലയ്ക്കാട്ട്



ഇ.കെ. ചാക്കോച്ചൻ
ഇടക്കരയിൽ



കെ.സി. തോമസ്
കൂടയ്ക്കാട്ടുമ്യാലിൽ

കൈക്കാരന്മാർ



അബ്രഹാം
കരിന്തകരയ്ക്കൽ
അക്കൗണ്ടന്റ്



അബ്രഹാം
കീനാൻപറമ്പിൽ
ദേവാലയ ശുശ്രൂഷി